"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - പത്തനംതിട്ട ജില്ലയിലെ "Improvements to Puthusseribhagom-Thattarupadi-Erathu-Vayala Road ch:0/000-4/720 എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.45/2025/PWD തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:-

1. 06-02-2017 തീയതിയിലെ സ.ഉ.(പി.)നം. 16/2017/ധന.
2. 15-03-2024 തീയതിയിലെ സ.ഉ.(സാധാ)നം. 372/2024/പി.ഡബ്ല്യൂ.ഡി.
3. 11-04-2025 തീയതിയിലെ സ.ഉ.(പി.)നം. 47/2025/ധന.
4. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 01-12-2024, 05-05-2025, 16-06-2025 എന്നീ തീയതികളിലെ CEPWD/21410/2024-C3(W)-RD നം. കത്തുകൾ

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ "Improvements to Puthusseribhagom-Thattarupadi-Erathu-Vayala Road ch:0/000-4/720 " എന്ന പ്രവൃത്തിയ്ക്കായി മേൽ പരാമർശം (2)-ലെ ഉത്തരവ് പ്രകാരം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിൽ നിന്നും നാല് തവണ ടെൻഡർ ചെയ്തിരുന്നു. ഒന്നാമത്തെ ടെൻഡറിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ പ്രവൃത്തി റീ-ടെണ്ടർ ചെയ്തിരുന്നു. രണ്ടാം ടെണ്ടറിൽ ഒരു ബിഡ്സ് മാത്രമാണ് ലഭിച്ചത്. എന്നാൽ കരാറുകാരൻ ക്വാട്ട് ചെയ്ത തുക അനുവദനീയമായ പരിധിയ്ക്ക് മുകളിലായതിനാലും കരാറുകാരൻ തന്റെ ഉയർന്ന ക്വാട്ട് നിരക്കുകൾ കുറയ്ക്കാൻ തയ്യാറാകാത്തതിനാലും ടെൻഡർ നിരസിക്കുകയും റീ-ടെൻഡർ ചെയ്യുകയും ചെയ്തു. മൂന്നാമത്തെ ടെണ്ടറിൽ ബിഡ്സുകൾ ഒന്നും തന്നെ ലഭിച്ചില്ല. നാലാം ടെണ്ടറിൽ സിംഗിൾ ബിഡ് മാത്രമാണ് ലഭിച്ചതെങ്കിലും അത് അംഗീകരിക്കാവുന്ന നിരക്കിലും അധികമായിരുന്നു. പ്രസ്തുത ബിഡ് സമർപ്പിച്ച M/s Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ ₹4,35,96,753.00/- രൂപ എന്നത് മേൽ പരാമർശം (1)-ലെ

ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക്/ പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ.-നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്ന മാനദണ്ഡത്തേക്കാൾ അധികമാണെന്നും, എന്നാൽ ടി റോഡിന്റെ അവസ്ഥ ശോചനീയമാണെന്നത് പരിഗണിച്ച് നിലവിൽ കരാറുകാരൻ ക്വോട്ട് ചെയ്തിരിക്കുന്ന ₹4,35,96,753.00/- രൂപയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ കരാർ നൽകുന്നതിന് അനുമതി നൽകണമെന്നും ചീഫ് എഞ്ചിനീയർ മേൽ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിൽ "Improvements to Puthusseribhagom-Thattarupadi-Erathu-Vayala Road ch:0/000-4/720 " എന്ന പ്രവൃത്തിയ്ക്കായി M/s Sreedhanya Construction Company ക്വോട്ട് ചെയ്ത തുകയായ ₹4,35,96,753.00/- രൂപ (നാല് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി എഴുന്നൂറ്റി അൻപത്തി മൂന്ന് രൂപ) എസ്റ്റിമേറ്റ് തുകയേക്കാൾ 29.61% കൂടുതലും, CURRENT SOR + 10% നിരക്കിനെക്കാൾ 4.5% കൂടുതലും ആയ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ മേൽ പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് നിലവിലുള്ള മാനദണ്ഡമായ "ടെണ്ടറിൽ ലഭിച്ച നിരക്ക്/ പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ.-നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

സൂപ്രണ്ടിംഗ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), ദക്ഷിണ മേഖല, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, പത്തനംതിട്ട

ധനകാര്യ വകുപ്പ് (No. I&PW-B1/33/2024-Fin (E 3021499) dated 07-07-2025)

പൊതുഭരണ (എസ്.സി.) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
Date: 21-07-2025 10:19:47

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുമരാമത്ത് സെക്രട്ടറിയുടെ പി.എ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-07-2025

ഫയൽ നം. പൊ.മ.വ.-ജി2/408/2024/പൊ.മ.വ. ഇനം നം: 3131

വിഷയം : പൊതുമരാമത്ത് വകുപ്പ് - "Improvements to Puthusseribhagom - Thattarupadi - Erathu - Vayala Road ch:0/000 - 4/720" Tender excess sanction proposal - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

3131

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പൊ.മ.വ- ജി2/408/2024-പൊ.മ.വ. |
| 2 | വകുപ്പ് | : | പൊതുമരാമത്ത് (ജി) വകുപ്പ് |
| 3 | വിഷയം | : | "Improvements to Puthusseribhagom-Thattarupadi-Erathu-Vayala Road ch:0/000-4/720"- Tender excess sanction proposal - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 30/05/2025 |
| 5 | i.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. സുമേഷ് കുമാർ സി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09-07-2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10-07-2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10-07-2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11-07-2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. "Improvements to Puthusseribhagom-Thattarupadi-Erathu-Vayala Road ch:0/000-4/720" എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി ₹4,35,96,753.00/- (നാല് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി എഴുനൂറ്റി അൻപത്തി മൂന്ന് രൂപ) ക്വോട്ടഡ് നിരക്കിൽ സമർപ്പിച്ച ടെൻഡർ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷയാണ് ഈ കുറിപ്പിലെ വിഷയം.

2. മേൽ പറഞ്ഞ പ്രവൃത്തിയ്ക്കായി 15-03-2024 തീയതിയിലെ G.O.(Rt)N0. 372/2024/PWD സർക്കാർ ഉത്തരവ് പ്രകാരം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിൽ നിന്നും നാല് തവണ ടെൻഡർ ചെയ്തിരുന്നു. ഒന്നാമത്തെ ടെൻഡറിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ പ്രവൃത്തി റീ-ടെണ്ടർ ചെയ്തിരുന്നു. രണ്ടാം ടെണ്ടറിൽ ഒരു ബിഡ്ഡ് മാത്രമാണ് ലഭിച്ചത്. എന്നാൽ കരാറുകാരൻ ക്വാട്ട് ചെയ്ത തുക അനുവദനീയമായ പരിധിയ്ക്ക് മുകളിലായതിനാലും കരാറുകാരൻ തന്റെ ഉയർന്ന ക്വാട്ട് നിരക്കുകൾ കുറയ്ക്കാൻ തയ്യാറാകാത്തതിനാലും ടെൻഡർ നിരസിക്കുകയും റീ-ടെൻഡർ ചെയ്യുകയും ചെയ്തു. മൂന്നാമത്തെ ടെണ്ടറിൽ ബിഡ്ഡുകൾ ഒന്നും തന്നെ ലഭിച്ചില്ല. നാലാം ടെണ്ടറിൽ സിംഗിൾ ബിഡ് മാത്രമാണ് ലഭിച്ചതെങ്കിലും അത് അംഗീകരിക്കാവുന്ന നിരക്കിലും അധികം ആയിരുന്നു.

ക്വോട്ട് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| No. | Bidder | Estimate PAC | LMR PAC | Current SoR+10.00% | Quoted rate (%) | Quoted PAC |
|---|---|---|---|---|---|---|
| 1 | SREEDHANYA CONSTRUCTION COMPANY | 33637958 | 4,17,58,735.74 24.14%>EPAC | 3,70,01,753 10.00%>EPAC | 29.61 | 4,35,96,753.00 |

[P.T.O.]

മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി നൽകിയ ₹4,35,96,753.00/- (EPAC-യെക്കാൾ 29.61% അധികം) രൂപയുടെ ബിഡിന് അനുമതി നൽകുന്നത് പരിഗണിക്കാവുന്നതാണെന്നും നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

3. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ റിമാർക്സിനായി നൽകിയപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കുന്നതിൻ പ്രകാരം അഭിപ്രായപ്പെട്ടു:

"AD is informed that in the 4th tender the quoted amount is 29.61% above EPAC. Since this is the 4th tender and the quoted amount is only 17.82% above the admissible amount of ₹3,70,01,753/- (based on D.S.R 2018 +10% tolerance), AD is advised to negotiate again with the bidder to reduce the quoted rates to bring them within DSR + 10% tolerance limit. Otherwise, AD may look into whether the estimate may be reworked after giving due consideration to the site-specific conditions and fresh tenders shall be invited based on reworked estimates.

This has the approval of Hon'ble Minister (Finance)."

4. തുടർന്ന് സൈറ്റ് കണ്ടീഷൻ വിശദമായി പരിഗണിച്ച ശേഷമാണ് നിലവിലെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്നും അതിനാൽ, എസ്റ്റിമേറ്റ് റിവൈസ് അല്ലെങ്കിൽ റീകാസ്റ്റ് ചെയ്യേണ്ട ആവശ്യമില്ല എന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കരാറുകാരനുമായി വീണ്ടും ഒരു ചർച്ച നടത്തിയതായും, എന്നാൽ കരാറുകാരൻ തന്റെ ക്വാട്ട് നിരക്കുകൾ കുറയ്ക്കാൻ ഇപ്പോഴും തയ്യാറായിട്ടില്ല എന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു. മാത്രമല്ല, ഈ പ്രവൃത്തി 4 തവണ ടെൻഡർ ചെയ്തിട്ടുള്ളതായും, വീണ്ടും ടെൻഡർ ചെയ്താലും മികച്ച പ്രതികരണം ലഭിക്കാൻ സാദ്ധ്യതയില്ലെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു. റോഡിന്റെ നിലവിലെ അവസ്ഥയും പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യവും പരിഗണിച്ച്, ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനിക്ക് വേണ്ടി

[P.T.O.]

സമർപ്പിച്ച ₹4,35,96,753.00/- രൂപയുടെ സിംഗിൾ ടെൻഡർ പരിഗണിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

5. സൈറ്റ് കണ്ടീഷൻ അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ്, റീ വർക്ക് ചെയ്യേണ്ടതില്ല എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. DSR-2018 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. നിലവിൽ DSR-2021 നടപ്പിലാക്കി കഴിഞ്ഞു. പ്രവൃത്തി റീവർക്ക് ചെയ്താൽ നിലവിലെ ഭരണാനുമതി തുകക്ക് 4.72 കിലോമീറ്റർ റോഡ് പ്രവൃത്തി നടപ്പിലാക്കാൻ സാധ്യമാകില്ല. ഭരണാനുമതി കിട്ടി ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി നടപ്പിലാക്കാൻ കഴിയാത്തതിനാൽ റോഡിന്റെ സ്ഥിതി കൂടുതൽ മോശമായതിനാൽ, എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 29.61% ശതമാനം മുകളിലുള്ള നാലാമത്തെ ടെണ്ടർ അംഗീകരിക്കുന്ന വിഷയം ബഹു. പൊതുമരാമത്തും ടൂറിസവും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചു.

6. ഈ വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

7. തുടർന്ന്, 11.04.2025 തീയതിയിലെ GO(P)No.47/2025/FIN നമ്പർ ഉത്തരവ് പ്രകാരം വിഷയം പരിശോധിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. അതിൻ പ്രകാരം ചീഫ് എഞ്ചിനീയർ DSoR 2021 പ്രകാരം എസ്റ്റിമേറ്റ് വീണ്ടും കണക്കാക്കിയിട്ടുണ്ട്. DSR 2021 പ്രകാരമുള്ള EPAC ₹3,86,15,518.70/- ആണ്. താരതമ്യം ചുവടെ ചേർക്കുന്നു:

| Contractor | Estimate PAC | LMR PAC | EAPAC as per DSoR 2021 | DSoR 2021+10% | Quoted rate(%) | Quoted PAC |
|---|---|---|---|---|---|---|
| M/s Sreedhanya Construction Company | 33637958 | 41758735.74 | 38615518.70 | 4,17,16,249.54 | 29.61%> EAPC | 4,35,96,753 |

ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി ക്വാട്ട് ചെയ്ത തുകയായ ₹4,35,96,753.00/- രൂപ, 11.04.2025 തീയതിയിലെ GO(P)No.47/2025/FIN നമ്പർ ഉത്തരവ് പ്രകാരമുള്ള പരിധിയിലും

കൂട്ടുതലായതിനാൽ ഇത് മേൽ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിക്കാൻ കഴിയുന്നതല്ലെന്നും റോഡിന്റെ നിലവിലെ അവസ്ഥയും പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യവും പരിഗണിച്ച്, ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനിക്ക് വേണ്ടി സമർപ്പിച്ച ₹4,35,96,753.00/- രൂപയുടെ സിംഗിൾ ടെൻഡർ പരിഗണിക്കണമെന്നും ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരിക്കുന്നു. DsoR പരിഷ്കരിച്ചതിനു ശേഷവും ബിഡ്ഡറുടെ നെഗോഷിയേറ്റഡ് ക്വോട്ടഡ് നിരക്ക് നിലവിലെ ടോളറൻസ് പരിധിയായ current SOR+10% നിരക്കിന്റെ 4.5% കൂടുതലാണ്.

8. തുടർന്ന് ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയപ്പോൾ താഴെ പറയുന്ന മറുപടി ലഭിച്ചു:

"AD is requested to place the proposal before the Council of Ministers with full justification.

This has the approval of Hon. Minister (Finance)."

9. നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത പ്രകാരം, ഭരണാനുമതി ലഭിച്ച് ഒരു വർഷമായിട്ടും പ്രവൃത്തി നടക്കാത്തതിനാൽ പ്രസ്തുത റോഡിന്റെ അവസ്ഥ ശോചനീയമാണെന്നും അതിനാൽ, ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനിയുടെ ₹4,35,96,753.00/- രൂപയുടെ സിംഗിൾ ടെൻഡർ പരിഗണിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

10. ഈ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, ഈ വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ തീരുമാനിച്ചു.

[P.T.O.]

## തീരുമാനിക്കേണ്ട വിഷയം

"Improvements to Puthusseribhagom-Thattarupadi-Erathu-Vayala Road ch:0/000-4/720" എന്ന പ്രവൃത്തിയ്ക്ക് ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി ക്വോട്ട് ചെയ്ത തുകയായ ₹4,35,96,753.00/- രൂപ (നാല് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി എഴുന്നൂറ്റി അൻപത്തി മൂന്ന് രൂപ) എസ്റ്റിമേറ്റ് തുകയേക്കാൾ 29.61% കൂടുതലായതിനാൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന പൊതുമരാമത്ത് നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ 06/02/2017 തീയതിയിലെ സ.ഉ(പി) നം.16/2017/ധന വ്യവസ്ഥകൾ പ്രകാരമുള്ള ടെണ്ടറിൽ ലഭിച്ച നിരക്ക്/ പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ.-നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ് എന്നുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കാമോ?